# നീര ഉൽപാദനം നാളികേര കർഷകർക്ക് നല്ല വില ലഭിക്കുന്ന വിധത്തിലാകണം: സി.പി. ജോൺ

തിരുവനന്തപുരം● നാളികേര കർഷകനു നല്ല വില ലഭിക്കാനും ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും ഉതകുന്ന രീതിയിലാകണം നീര ഉൽപാദന സംരംഭം ആരംഭിക്കേണ്ടതെന്ന് ആസൂത്രണ ബോർഡ് അംഗം സി.പി. ജോൺ പറഞ്ഞു. നേമം ബ്ലോക്ക് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി നടത്തിയ നീര ഉൽപാദനം നാളികേര കർഷകരിലൂടെ സംവാദത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ സെപ്റ്റംബറിലാണു നീര ഉൽപാദനത്തിനുള്ള സാങ്കേതികവിദ്യ പുറത്തിറക്കിയത്. പുതിയ ബജറ്റിൽ 10 ജില്ലകളിൽ നീര ഉൽപാദന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള സ്കീം ഉൾപ്പെടുത്തിയതോടെ പോളിസി പ്രശ്നങ്ങൾ മാറി. ഇനി വേണ്ടതു നിർമിക്കാനും വിതരണം ചെയ്യാനുമുള്ള സംവിധാനമാണ്. അത് ഉണ്ടാക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ നാളികേര ബോർഡ് നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. നാളികേര കർഷകരെ പങ്കെടുപ്പിച്ച് അവരുടെ സംഘടിത ശ്രമത്തിലാവണം പദ്ധതി നടപ്പിലാക്കേണ്ടതെന്നും സി.പി. ജോൺ പറഞ്ഞു.

നാളികേര ഉൽപാദന കമ്പനികളെ കൂടുതൽ വികസിപ്പിച്ചു നീര ഉൽപാദനത്തിലേക്കു തിരിക്കുവാൻ നാളികേര ബോർഡും കാർഷിക സർവകലാശാലയും കർഷകരെ സഹായിക്കണം.

വിലത്തകർച്ചയുടെ ഇക്കാലത്തു കർഷകനു നീര ചെത്താനുള്ള അവസരം ഉണ്ടാകണമെന്നു ഫ്രാൻസിസ് ജോർജ് പറഞ്ഞു. അഞ്ച് തെങ്ങിൽ നിന്ന് ആറു മാസം കൊണ്ടു ചെലവു കഴിഞ്ഞ് 62000 രൂപയോളം ലഭിക്കുമെന്ന അവസ്ഥയിൽ കർഷകരുടെ സമ്പദ്ഘടനയിലും സേവന വേതന വ്യവസ്ഥയിലും ഉയർച്ചയുണ്ടാകാൻ നീര ഉൽപാദനത്തിനു കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

നീര തെങ്ങിൻ ശർക്കര, തെങ്ങിൻ പഞ്ചസാര എന്നീ മൂല്യവർധിത ഉൽപന്നങ്ങൾ സംസ്ഥാനത്തെ കേരകൃഷി രക്ഷപ്പെടാൻ സഹായിക്കുമെന്നു സംവാദത്തിൽ പങ്കെടുത്ത കർഷക പ്രതിനിധികൾ പറഞ്ഞു.

കർഷകരുടെ ഉടമസ്ഥതയിലുള്ള തെങ്ങുകളിൽ നിന്നു നീര ചെത്തിയെടുക്കാൻ അവരെ അനുവദിക്കണം. പുളിപ്പിക്കാത്ത കള്ളിനെ അബ്കാരി പരിധിയിൽ നിന്ന് ഒഴിവാക്കി അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തണമെന്നു കർഷകർ ആവശ്യപ്പെട്ടു.

നീര ചെത്തുന്നതിനു ചെത്തുതൊഴിലാളികൾക്ക് അഭിപ്രായവ്യത്യാസമില്ലെന്നു യോഗത്തിൽ പങ്കെടുത്ത ചെത്തു തൊഴിലാളി നേതാക്കൾ അറിയിച്ചു. ചെത്തു തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കണമെന്നു മാത്രം.

കൃഷി വകുപ്പ് മുൻ ഡയറക്ടർ ആർ. ഹേലി സംവാദത്തിൽ മോഡറേറ്ററായി.

നാളികേര ബോർഡ് മാർക്കറ്റിങ് ഓഫിസർ ദീപ്തി കേരഫെഡ് മുൻ ചെയർമാൻ എം. സുകുമാരപിള്ള, മുൻ പിഎസ്‌സി അംഗം തോമസ് മാത്തുണ്ണി, നാളികേര വികസന ബോർഡ് അംഗങ്ങളായ വർക്കല ബി. രവികുമാർ, ധർമരാജൻ, ഓൾ ഇന്ത്യ റേഡിയോ പ്രോഗ്രാം എക്സിക്യൂട്ടീവ് മുരളീധരൻ തഴക്കര, കേരള സ്റ്റേറ്റ് ചെത്ത് തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി എൻ. രമേശൻ, കേരള കോഡ് ആൻഡ് അബ്കാരി മസ്ദൂർ സംഘ് ജനറൽ സെക്രട്ടറി എം.കെ. ഉണ്ണിക്കൃഷ്ണൻ, നീര കമ്മിറ്റിയിലെ കർഷക പ്രതിനിധി ബാബു ജോസഫ് എന്നിവർ പ്രസംഗിച്ചു.